പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.322 10.12.2012 ൽ മറുപടിക്ക്

## പോലീസ് കോൺസ്റ്റബിൾമാരുടെ അന്തർജില്ലാ സ്ഥലംമാറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്തെ പോലീസ് കോൺസ്റ്റബിൾമാരുടെ അന്തർജില്ലാസ്ഥലമാറ്റത്തിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കാമോ; | എ) ഒരു ജില്ലയിൽ 5 വർഷം പൂർത്തിയാക്കിയ പോലീസ് കോൺസ്റ്റബിൾമാർ ജില്ലാന്തര സ്ഥലംമാറ്റം ലഭിക്കാൻ ആഗ്രഹിക്കുന്ന ജില്ലയിലേയ്ക്ക് അപേക്ഷ നൽകുകയും അതാത് ജില്ലയിലെ ഒഴിവുകൾ അനുസരിച്ച് അപേക്ഷയുടെ സീനിയോറിറ്റി പ്രകാരവും നിലവിലുള്ള മറ്റു മാനദണ്ഡങ്ങൾക്കനുസരിച്ചുമാണ് സ്ഥലംമാറ്റം നൽകുന്നത്. |
| ബി) പ്രസ്തുത മാനദണ്ഡങ്ങൾ ലംഘിക്കുന്നതായ പരാതികൾ ലഭിച്ചിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) അന്തർജില്ലാ സ്ഥലംമാറ്റങ്ങൾ വേഗത്തിലാക്കുന്നതിനുള്ള പരിഷ്കരണ നടപടികൾ സ്വീകരിക്കുമോ? | സി) ആംഡ് റിസർവ്വിലും ലോക്കൽ വിഭാഗത്തിലും ഉണ്ടാകുന്ന ഒഴിവുകൾക്ക് ആനുപാതികമായി അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് നിശ്ചയിക്കപ്പെട്ട ഒഴിവുകളിലേയ്ക്ക് സ്ഥലംമാറ്റം നൽകുന്നതിന് സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ